ഹെഡ്മാസ്റ്ററുടെ വിശദമായ റിപ്പോർട്ടും കത്തും, 10-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടിയാണെങ്കിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച വിശദമായ അപേക്ഷ, സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ അസ്സൽ പകർപ്പ്, ഒറിജിനൽ എസ്.എസ്. എൽ.സി. ജനന സർട്ടിഫിക്കറ്റിന്റെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും, വില്ലേജ് ആഫീസറുടെ സാക്ഷ്യപത്രം, 30 രൂപയുടെ ചെല്ലാൻ രസീത് എന്നിവ ഹാജരാക്കേണ്ടതാണ്.

(ഡി) 31-12-2010 വരെ എല്ലാ ജില്ലകളിൽ നിന്നും ലഭിച്ച അപേക്ഷകളിൽ 98% തീർപ്പുകല്പിച്ച് ഉത്തരവ് നല്കിയിട്ടുണ്ട്.

സർട്ടിഫിക്കറ്റ് തിരുത്തൽ വരുത്താൻ മേഖലാടിസ്ഥാനത്തിൽ സെന്ററുകൾ

69 (2073) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാ ഭവനിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ സെന്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

70 (2075) ശ്രീ. ആർ സെൽവരാജ് :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം ഒരുക്കുന്നതിനായി പോളിടെക്നിക്കുകൾക്ക് എത്ര കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഹൈടെക് ക്ലാസ്മുറികൾ സജ്ജീകരിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാഠ്യപദ്ധതി പരിഷ്ക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ലാബോറട്ടറികൾ കാലാനുസൃതമായി പുതുക്കിയ സിലബസ് അനുസരിച്ച് പരിഷ്ക്കരിക്കുന്നതിനും അധ്യായനം മെച്ചപ്പെടുത്തുന്നതിന് ക്ലാസ് റൂമുകൾ ഹൈടെക് ക്ലാസ് റൂമുകളായി പരിഷ്ക്കരിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള കമ്പ്യൂട്ടർലഭ്യത കണക്കിലെടുത്ത് 20 മുതൽ 40 കമ്പ്യൂട്ടറുകൾ വരെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഹൈടെക് ക്ലാസ് റൂം പദ്ധതി അനുസരിച്ച് എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കുന്നതിന് വേണ്ട താഴെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുവാദവും ഫണ്ടും എല്ലാ സർക്കാർ പോളിടെക്നിക്കുകൾക്കും നൽകിയിട്ടുണ്ട്.

എൽ.സി.ഡി പ്രൊജക്ടർ-1
ലാപ്ടോപ്പ്-1
സ്ക്രീൻ-1

} ഒരു ക്ലാസ് റൂമിന് എന്ന കണക്കിൽ നൽകുന്നതിന് നടപടിയായിട്ടുണ്ട്.

ഡി) പോളിടെക്നിക് അദ്ധ്യായന സംവിധാനം ക്രെഡിറ്റ് & സെമസ്റ്റർ പദ്ധതിയാക്കി. ഒന്നും രണ്ടും സെമസ്റ്റർ സിലബസ് പരിഷ്ക്കരണം പൂർത്തിയാക്കി ബാക്കിയുള്ള 3 മുതൽ 6 വരെയുള്ള സെമസ്റ്ററുകളുടെ സിലബസ് പരിഷ്ക്കരണം അവസാന ഘട്ടത്തിലാണ്.

പോളിടെക്നിക്കുകളിൽ വിവര സാങ്കേതിക വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ

71 (2076) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പോളിടെക്നിക്കുകളിൽ വിവര സാങ്കേതിക വിദ്യാഭ്യാസത്തിന് ഈ വർഷം എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കുമോ ;

(ബി) കേന്ദ്രീകൃത കമ്പ്യൂട്ടിംഗ് സംവിധാനം ഏർപ്പെടുത്താനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി ;

LIBRARY ARCHIVES Kerala Legislative Assembly